# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ബെള്ളൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെഎസ്.എ.കെ.എസ്.ഡി/7/583/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 28/09/2021
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ബെള്ളൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ബെള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബെള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്.എ.കെ.എസ്.ഡി/7/583/2021 തീയ്യതി: 28/09/2021

## കാസർഗോഡ് ജില്ലയിലെ ബെള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ ബെള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-08-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അജിതൻ.ടി.എൻ | ഡെപ്യൂട്ടി ഡയറക്ടർ | 04-08-2021 | 18-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-08-2021 | 18-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ഗോപാലകൃഷ്ണ .നായക് .പി ,ഓഡിറ്റ് ഓഫീസർ
യാദവ കുമാര സി.എച്ച്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
എം.ബാബു ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ജനാർദ്ദനൻ .സി ,സീനിയർ ഗ്രേഡ് ഓഡിറ്റർ

ജയാനന്ദ .എച്ച് ,ഓഡിറ്റ് ഓഫീസർ (16.08.2021 മുതൽ 18.08.2021 വരെ)

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ലത.എം | പ്രസിഡന്റ് | 01-04-2020 | 09-11-2020 |
| ശ്രീ .ശ്രീധര .എം | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ദമോദരൻ .എ | സെക്രട്ടറി | 01-04-2020 | 12-05-2020 |
| ശ്രീമതി.ഗീതാമണി | സെക്രട്ടറി | 13-05-2020 | 13-05-2020 |
| ശ്രീ.ജോയി.ജോസഫ് | ഹെഡ് ക്ളാർക്ക് | 14-05-2020 | 15-06-2020 |
| ശ്രീ.എ.എൽ. തോമസ് | സെക്രട്ടറി | 16-06-2020 | 31-03-2021 |
| ശ്രീ.ഗിരീഷ്.ബി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ .പ്രകാശ് .ബി.എം | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി. രമ .ടി.പി | എെ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ. ശിബില നർഗ്ഗീസ് | മെഡിക്കൽ ഓഫീസർ .ആയൂർവേദ | 01-04-2020 | 31-03-2021 |
| ഡോ.ഫനാസ് മജീദ് | മെഡിക്കൽ ഓഫീസർ .സി.എച്ച.സി | 01-04-2020 | 03-10-2020 |
| ഡോ. മേരി ഡയാന | മെഡിക്കൽ ഓഫീസർ .സി.എച്ച്.സി | 04-10-2020 | 08-10-2020 |
| ഡോ. ബബി നാരായണൻ | മെഡിക്കൽ ഓഫീസർ .സി.എച്ച്.സി | 09-10-2020 | 30-11-2020 |
| ഡോ. അഖിൽ | മെഡിക്കൽ ഓഫീസർ .സി.എച്ച്.സി | 01-11-2020 | 31-03-2021 |
| ഡോ.. സീതാലക്ഷ്മി | വെറ്ററിനറി | 01-04-2020 | 30-06-2020 |

| | | | |
|---|---|---|---|
| | സർജ്ജൻ | | |
| ഡോ. സെമിന്ഡ വർഗ്ഗ്ീസ് | വെറ്ററിനറി സർജ്ജൻ | 01-07-2020 | 31-03-2021 |
| അനിൽ കുമാർ എ.ജി | ഫഷറീസ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |

-

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് വിവരങ്ങൾ<br>Written By: Gopalakrishna Nayik (Audit Officer, On 11-08-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 21-08-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Gopalakrishna Nayik (Audit Officer, On 11-08-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 21-08-2021) | 1-2 |
| 3 | ആസ്തി രജിസ്റ്റർ കാലികമല്ല<br>Written By: Gopalakrishna Nayik (Audit Officer, On 12-08-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 21-08-2021) | 1-2-1 |
| 4 | ധനകാര്യ പത്രികയിലെ രേഖപ്പെടുത്തലുകൾക്ക് ആധാരമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Gopalakrishna Nayik (Audit Officer, On 12-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 03-09-2021) | 1-2-2 |
| 5 | രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല<br>Written By: Gopalakrishna Nayik (Audit Officer, On 12-08-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 21-08-2021) | 1-2-3 |
| 6 | ക്യാഷ്ബുക്ക് ദിനം പ്രതി സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Gopalakrishna Nayik (Audit Officer, On 12-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 03-09-2021) | 1-2-4 |
| 7 | പ്രതിമാസ അക്കൗണ്ടുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് ചെയ്തിട്ടില്ല<br>Written By: Gopalakrishna Nayik (Audit Officer, On 12-08-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 21-08-2021) | 1-2-5 |
| 8 | റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.<br>Written By: Gopalakrishna Nayik (Audit Officer, On 22-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 05-09-2021) | 1-2-6 |
| 9 | ബാദ്ധ്യത ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Gopalakrishna Nayik (Audit Officer, On 23-08-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 23-08-2021) | 1-2-7 |
| 10 | പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻഡിച്ചർ<br>Written By: Gopalakrishna Nayik (Audit Officer, On 23-08-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 23-08-2021) | 1-2-8 |
| 11 | ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ എം.എൻ.ആർ.ഇ.ജി.എ -യുടെ വരുമാനം രേഖപ്പെടുത്തിയിരിക്കുന്നതിൽ അധികാണ്<br>Written By: Gopalakrishna Nayik (Audit Officer, On 23-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-09-2021) | 1-2-9 |
| 12 | സാമ്പത്തിക നില<br>Written By: Gopalakrishna Nayik (Audit Officer, On 15-08-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 21-08-2021) | 1-3 |
| 13 | വിവിധ ഫണ്ടുകളുടെ വിനിയോഗ വിവരം<br>Written By: Gopalakrishna Nayik (Audit Officer, On 15-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-09-2021) | 1-4 |
| 14 | പദ്ധതി അവലോകനം<br>Written By: Gopalakrishna Nayik (Audit Officer, On 15-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 07-09-2021) | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി<br>Written By: Gopalakrishna Nayik (Audit Officer, On 15-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-09-2021) | 1-6 |

| | | |
|---|---|---|
| 16 | ക്ഷേമ പദ്ധതികൾ<br>Written By: Yadavakumara. C.H (Asst. Audit Officer, On 15-08-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 22-08-2021) | 1-7 |
| 17 | ക്യാഷ് പരിശോധന<br>Written By: Yadavakumara. C.H (Asst. Audit Officer, On 15-08-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 22-08-2021) | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം<br>Written By: Gopalakrishna Nayik (Audit Officer, On 13-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 07-09-2021) | 1-9 |
| 19 | മറ്റു ഓഡിറ്റ് നടത്തിയതിന്റെ വിവരം<br>Written By: Yadavakumara. C.H (Asst. Audit Officer, On 15-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 07-09-2021) | 1-10 |
| 20 | ഇ-ടെണ്ടർ-ബിഡ് സമർപ്പണ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭിച്ചില്ല<br>Written By: Janardanan C (Senior Grade Auditor, On 18-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 07-09-2021) | 1-11 |
| 21 | ലൈസൻസ് - വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.<br>Written By: Janardanan C (Senior Grade Auditor, On 18-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 07-09-2021) | 1-12 |
| 22 | കറവപ്പശുക്കൾക്ക് , കാലിത്തീറ്റ സബ്സിഡി നൽകൽ-അപാകത<br>Written By: Babu M (Senior Grade Auditor, On 16-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 07-09-2021) | 1-13 |
| 23 | ക്ഷീര സംഘങ്ങൾ മുഖേന നൽകുന്ന പാലിന് സബ്സിഡി-അപാകത<br>Written By: Babu M (Senior Grade Auditor, On 16-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 07-09-2021) | 1-14 |
| 24 | ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.<br>Written By: Babu M (Senior Grade Auditor, On 16-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 07-09-2021) | 1-15 |
| 25 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Yadavakumara. C.H (Asst. Audit Officer, On 17-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 24-09-2021) | 1-16 |
| 26 | തെരുവ് വിളക്കുകൾ- സംയുക്തമായി പരിശോധന നടത്തിയിട്ടില്ല.<br>Written By: Yadavakumara. C.H (Asst. Audit Officer, On 17-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-09-2021) | 1-17 |
| 27 | ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്.<br>Written By: Yadavakumara. C.H (Asst. Audit Officer, On 17-08-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 28-08-2021) | 1-18 |
| 28 | വിനിയോഗ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.<br>Written By: Yadavakumara. C.H (Asst. Audit Officer, On 17-08-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 22-09-2021) | 1-19 |
| 29 | വയോമിത്രം വിഹിതം- വിനിയോഗ സാക്ഷ്യപത്ര ലഭ്യമാക്കിയില്ല.<br>Written By: Yadavakumara. C.H (Asst. Audit Officer, On 17-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-09-2021) | 1-20 |
| 30 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭിച്ചിട്ടില്ല.<br>Written By: Yadavakumara. C.H (Asst. Audit Officer, On 17-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-09-2021) | 1-21 |
| 31 | ആർജിത അവധി സറണ്ടർ അനുവദിച്ചത്- അപാകത.<br>Written By: Yadavakumara. C.H (Asst. Audit Officer, On 17-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-09-2021) | 1-22 |
| 32 | തൊഴിലുറപ്പ് -സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട നികുതികൾ കുറവു ചെയ്തതിട്ടില്ല. | 1-23 |

| | | |
|---|---|---|
| | Written By: Yadavakumara. C.H (Asst. Audit Officer, On 17-08-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 13-09-2021) | |
| 33 | ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ -പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.<br>Written By: Yadavakumara. C.H (Asst. Audit Officer, On 17-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-09-2021) | 1-24 |
| 34 | നെൽകൃഷി വികസന പദ്ധതി - ഫീൽഡ് പരിശോധന റിപ്പോർട്ടുകൾ സൂക്ഷിക്കുന്നില്ല.<br>Written By: Yadavakumara. C.H (Asst. Audit Officer, On 18-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-09-2021) | 1-25 |
| 35 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ അപാകതകൾ<br>Written By: Janardanan C (Senior Grade Auditor, On 18-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-09-2021) | 1-26 |
| 36 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: Janardanan C (Senior Grade Auditor, On 18-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-09-2021) | 1-27 |
| 37 | ജലനിധി പദ്ധതി-നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.<br>Written By: Yadavakumara. C.H (Asst. Audit Officer, On 18-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-09-2021) | 1-28 |
| 38 | അംഗൻവാടികളിലേക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണത്തിലെ അപാകതകൾ<br>Written By: Yadavakumara. C.H (Asst. Audit Officer, On 19-08-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 13-09-2021) | 1-29 |
| 39 | അംഗൻവാടികളിലേക്ക് ന്യൂട്രീമിക്സ് വിതരണം അപാകതക്കൾ<br>Written By: Yadavakumara. C.H (Asst. Audit Officer, On 19-08-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 13-09-2021) | 1-30 |
| 40 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ<br>Written By: Yadavakumara. C.H (Asst. Audit Officer, On 19-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-09-2021) | 1-31 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം<br>Written By: Gopalakrishna Nayik (Audit Officer, On 15-08-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 22-08-2021) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Gopalakrishna Nayik (Audit Officer, On 15-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-09-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Gopalakrishna Nayik (Audit Officer, On 15-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം<br>Written By: Gopalakrishna Nayik (Audit Officer, On 15-08-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 15-08-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Gopalakrishna Nayik (Audit Officer, On 15-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-09-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങളുടെ വിവരം | 4-6 |

| | | |
|---|---|---|
| | Written By: Gopalakrishna Nayik (Audit Officer, On 15-08-2021)<br>Last Updated By: Gopalakrishna Nayik (Audit Officer, On 15-08-2021) | |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Gopalakrishna Nayik (Audit Officer, On 15-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-09-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Gopalakrishna Nayik (Audit Officer, On 09-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-09-2021) | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Gopalakrishna Nayik (Audit Officer, On 09-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Gopalakrishna Nayik (Audit Officer, On 10-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 08-09-2021) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Gopalakrishna Nayik (Audit Officer, On 10-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-09-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1

### 1-1 ബജറ്റ് വിവരങ്ങൾ

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം, തിയതി | 1/2 തി 31-03-2020 | 01/1 തീയതി 24-02-2021 |
| മുന്നിരിപ്പ് | 30,08,003 | 21,57,122 |
| വരവ് | 7,33,67,738 | 6,07,27,542 |
| ആകെ | 7,63,75,741 | 6,28,84,664 |
| ചെലവ് | 7,13,11,267 | 6,18,75,180 |
| നീക്കിയിരിപ്പ് | 50,64,474 | 10,09,484 |

### 1-2 വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ

ബെള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ച സാക്ഷ്യപ്പെടുത്തി. വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 ആസ്തി രജിസ്റ്റർ കാലികമല്ല

ആസ്തി രജിസ്റ്റർ കാലഹരണപ്പെട്ടിട്ടുണ്ട്. വർഷങ്ങളായി ആസ്തി രജിസ്റ്ററിൽ പുതുക്കലുകൾ വരുത്തുകയോ കാലികമാക്കുകയോ ചെയ്തിട്ടില്ല. സചിത്ര സോഫ്റ്റ് വെയറിലെ വിവരങ്ങളും കാലികമല്ല. തന്മൂലം ആസ്തി രജിസ്റ്റർ ഓഡിറ്റിന് ആധികാരികമായി ആശ്രയിക്കാനാവില്ല.

### 1-2-2 ധനകാര്യ പത്രികയിലെ രേഖപ്പെടുത്തലുകൾക്ക് ആധാരമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

1. വസ്തു നികുതി, വ്യാപാരികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പ്രൊഫഷണലുകളിൽ നിന്നുമുള്ള തൊഴിൽ നികുതി എന്നിവയുടെ അക്രൂവൽ വരുമാനം രേഖപ്പെടുത്താൻ ആധാരമാക്കിയ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. .

2. വിവിധ സാമൂഹ്യ ക്ഷേമ പെൻഷൻ ഇനത്തിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് കൈമാറിയ തുകകൾ വർഷാവസാനം ജേണൽ വൗച്ചറുകൾ മുഖേന വരുമാനമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ രേഖപ്പെടുത്തലുകൾക്ക് ആധാരമാക്കിയ DBT പട്ടിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

### 1-2-3 രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല

എ) ടെണ്ടർഫോറം വിൽപ്പന രജിസ്റ്റർ തയ്യാറാക്കി സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

ബി) 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം 137 പ്രകാരമുള്ള കെട്ടിടങ്ങളുടെ റെഗുലറൈസേഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

### 1-2-4 ക്യാഷ്ബുക്ക് ദിനം പ്രതി സാക്ഷ്യപ്പെടുത്തുന്നില്ല

ക്യാഷ് ബുക്ക് ദിവസേന പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തുന്നില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 5 (4) പ്രകാരം സെക്രട്ടറി ദിനം പ്രതി ക്യാഷ് ബുക്ക് സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്.

### 1-2-5 പ്രതിമാസ അക്കൗണ്ടുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് ചെയ്തിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 60 പ്രകാരം പ്രതിമാസ റസീറ്റ് ആൻഡ് പേമെന്റ്സ് അക്കൗണ്ട് നിശ്ചിത ഫോറത്തിൽ തയ്യാറാക്കി സെക്രട്ടറി അടുത്ത മാസം 10 ാം തിയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. പ്രസ്തുത മാസാന്ത്യ പത്രിക ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് ചെയ്യേണ്ടതാണ്. എന്നാൽ ഈ നടപടികൾ പാലിച്ചിട്ടില്ല.

### 1-2-6 റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. കൂടാതെ, വിവിധ അക്കൗണ്ടുകളുടെ വർഷാവസാന നീക്കിയിരിപ്പിന്റെ റീകൺസിലിയേഷൻ പത്രികയിൽ രേഖപ്പെടുത്തിയ Cheques Issued But Not Presented Into Bank, Directly Credited Into Bank, Directly Debited By Bank എന്നീ തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

### 1-2-7 ബാദ്ധ്യത ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

ക്യൂ ബിൽ പ്രകാരം നൽകാനുള്ള തുകകൾ ബാദ്ധ്യത ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-2-8 പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻഡീച്ചർ

വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-16 പ്രകാരം (കോഡ് - 440500101) Prepaid Programme Expense എന്ന് ആസ്തിയായി 89,71,282 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അത്തരം ഒരു ആസ്തി ഉള്ളതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

### 1-2-9 ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ എം.എൻ.ആർ.ഇ.ജി.എ -യുടെ വരുമാനം രേഖപ്പെടുത്തിയിരിക്കുന്നതിൽ അധികാണ്

എം.എൻ.ആർ.ഇ.ജി.എ -യുടെ വരുമാനമായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക ₹2,72,62,303/- രൂപയാണ്. എന്നാൽ എം.എൻ.ആർ.ഇ.ജി.എ. യുടെ ക്യാഷ് ബുക്ക് പ്രകാരം വരുമാനം ₹2,71,68,451.05/-ആണ്. 93,851.95/- രൂപയുടെ വ്യത്യാസം ഉണ്ട്.

### 1-3 സാമ്പത്തിക നില

| വർഷം | 2020-21 |
|---|---|
| മുന്നിരിപ്പ് | 1,23,39,649 |
| വരവ്(*) | 8,34,75,787.05 |
| ആകെ | 9,58,15,436.05 |
| ചെലവ് (#) | 8,64,77,095.05 |
| നീക്കിയിരിപ്പ് | 93,38,341 |

മേൽ പട്ടികയിലെ വരവിലും ചെലവിലും തൊഴിലുറപ്പ് പദ്ധതിയിൽ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് നേരിട്ട് നിക്ഷേപിച്ച 2,62,12,958.05 രൂപയും സാമൂഹ്യ ക്ഷേമ പെൻഷൻ ഇനങ്ങളിൽ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് നേരിട്ട് നിക്ഷേപിച്ച 1,92,86,700 രൂപയും ഉൾപ്പെടുന്നു.

## 1-4 വിവിധ ഫണ്ടുകളുടെ വിനിയോഗ വിവരം

വിവിധ ഫണ്ടുകളുടെ അലോട്ട്മെന്റ്(Grant Statement), അവയിൽ നിന്നുള്ള ചെലവ്, വിനിയോഗിക്കാത്ത/ലാപ്സായ തുക എന്നീ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 74,89,785 | 74,89,785 | 7987039 | -497254 |
| വികസന ഫണ്ട്- എസ്.സി.പി | 0 | 38,82,726 | 38,82,726 | 35,30,642 | 3,52,084 |
| വികസന ഫണ്ട്- ടി.എസ്.പി | 0 | 31,98,083 | 31,98,083 | 31,93,749 | 4,334 |
| മെയിന്റനൻസ് ഫണ്ട്- റോഡ് | 0 | 36,03,000 | 36,03,000 | 36,03,000 | 0 |
| മെയിന്റനൻസ് ഫണ്ട്- നോൺ റോഡ് | 0 | 34,51,732 | 34,51,732 | 31,82,708 | 2,69,024 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 31,01,317 | 49,67,962 | 80,69,279 | 7254059 | 8,15,220 |
| സെൻട്രൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 71,99,312 | 71,99,312 | 48,80,373 | 23,18,939 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ- | | | | | |
| മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1,16,592 | 2,71,67,451.05 | 2,72,84,043.05 | 2,72,62,303.05 | 21740 |
| ടി.എസ്.സി പദ്ധതി | 2,00,494 | 0 | 2,00,494 | 1,22,308 | 78,186 |
| ഐ.സി.ഡി.എസ് സംയോജിത ശിശു വികസന പദ്ധതി | 14,05,792 | 6,65,434 | 20,71,226 | 6,49,152 | 14,22,074 |
| NPRPD പദ്ധതി | 3,10,000 | 0 | 3,10,000 | 90,000 | 2,20,000 |
| എസ്.എസ്.എ | 1,08,500 | 0 | 1,08,500 | 0 | 0 |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ- | | | | | |
| ശുചിത്വ മിഷൻ ഫണ്ട് | 12,94,588 | 5,24,030 | 18,18,618 | 12,94,588 | 5,24,030 |
| വിമുക്തി ഫണ്ട് | 25,000 | 0 | 25,000 | 0 | 25,000 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 0 | 1,50,000 | 1,50,000 | 1,50,000 | 0 |

| | | | | | |
|---|---|---|---|---|---|
| തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസം തൊഴിൽ ചെയ്തവർക്കുള്ള ഇൻസെന്റീവ് | 0 | 2,33,000 | 2,33,000 | 2,33,000 | 0 |

1-വികസന ഫണ്ട് ജനറൽസ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 5,41,215 /- രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇത് കൂടാതെ 3 ബില്ലുകളിലായി 8,24,249/- രൂപയുടെ ബില്ലുകൾ ക്യൂ ബിൽ ആയിട്ടുണ്ട്.

2) എസ്.സി.പി. സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 2,34,274/- രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇത് കൂടാതെ 2 ബില്ലുകളിലായി 29,45,917/- രൂപയുടെ ബില്ലുകൾ ക്യൂ ബിൽ ആയിട്ടുണ്ട്.

3)ടി.എസ്.പിസ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 3,36,667/- രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.ഇത് കൂടാതെ 2 ബില്ലുകളിലായി 2,25,000/- രൂപയുടെ ബില്ലുകൾ ക്യൂ ബിൽ ആയിട്ടുണ്ട്.

4)നോൺ റോഡ്പട്ടികയിലെ ചെലവു തുക കൂടാതെ 4 ബില്ലുകളിലായി 5,95,791/- രൂപയുടെ ബില്ലുകൾ ക്യൂ ആയിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 175 | 4,68,70,340 | 144 | 3,07,59,170 | 0 | 31 | 82.28% |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2020-21 വർഷ ത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2020-21 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാ നം. |
|---|---|---|---|---|---|
| | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| കൃഷി ഓഫീസർ | 7 | 19,46,652 | 7 | 16,29,645 | 83.71 |
| വെറ്റിനറി സർജ്ജൻ | 13 | 37,74,382 | 13 | 21,93,465 | 58.11 |
| മെഡിക്കൽ ഓഫീസർ | 9 | 19,99,298 | 9 | 17,52,380 | 87.64 |
| മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 4 | 4,40,000 | 4 | 4,32,287 | 98.24 |
| പ്രധാനധ്യാപകൻ | 12 | 25,75,579 | 12 | 15,45,031 | 59.98 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 18 | 43,04,732 | 14 | 35,84,605 | 83.27 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 22 | 99,25,898 | 16 | 56,91,835 | 57.34 |
| സെക്രട്ടറി | 32 | 70,98,660 | 23 | 35,27,460 | 49.69 |

| | | | | | |
|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനിയർ | 57 | 1,38,21,139 | 45 | 1,02,34,239 | 74.04 |
| ഫിഷറീസ് | 1 | 9,84,000 | 1 | 1,68,223 | 16.58 |
| ആകെ | 175 | 4,68,70,340 | 144 | 3,07,59,170 | 65.62 |

2020-21 വർഷത്തിൽ പദ്ധതി അടങ്കൽ തുകയുടെ 65.62 ശതമാനം മാത്രമാണ് ചെലവ് ചെയ്തത്. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 1,16,592 | 9,55,493 | 10,72,085 | 10,50,345 | 21,740 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 2,62,11,958.05 | 2,62,11,958 | 2,62,11,958.05 | 0 |
| ആകെ | 1,16,592 | 27167451.05 | 27284043.05 | 27262303.05 | 21740 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2020-21 വർഷം 1450 പദ്ധതികളുൾപ്പെടുന്ന 15,43,00,000 രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 2,62,12,958.05 രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 80,827 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 452 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 62,000 | 12 |
| വിധവാപെൻഷൻ | 76,11,800 | 956 |
| വാർദ്ധക്യകാലപെൻഷൻ | 84,04,800 | 1102 |
| വികലാംഗപെൻഷൻ | 28,64,900 | 370 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 1,93,200 | 24 |
| വിധവകളുടെ പെൺമക്കൾക്കുള്ള | 1,50,000 | 5 |

| | | |
|---|---|---|
| വിവാഹ ധനസഹായം | | |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോന 04-08-2021 തീയതിയിൽ അപരാഹ്നം 3.00 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 4,425 /- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | ഹെഡ് ക്ലാർക്ക് | 1 |
| 3 | അക്കൗണ്ടന്റ് | 1 |
| 4 | സീനിയർ ക്ലാർക്ക് | 3 |
| 5 | ക്ലാർക്ക് | 3 |
| 7 | ഓഫീസ് അറ്റൻഡന്റ് | 1 |

ഓഫീസ് ജോലി വിഭജനം

ജീവനക്കാരുടെ ജോലി വിഭജനം കാലാകാലങ്ങളിൽ ഓഫീസ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയിട്ടുണ്ട്.

ഭരണസമിതി യോഗം

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 23 തവണ യോഗം ചേർന്നിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൃത്യമായി യോഗം ചേർന്നിട്ടുണ്ട് (ധനകാര്യം 12, വികസനം 12, ക്ഷേമകാര്യം 12, ആരോഗ്യ വിദ്യാഭ്യാസം 11 ).

കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting)-

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2019-2020 സാമ്പത്തിക വർഷം 10 തവണ ചേർന്നിട്ടുണ്ട്. (25-4-19, 12-6-19, 5-8-19, 18-9-19, 16-10-19, 18-11-19, 11-12-19, 11-1-20, 5-2-20, 9-3-20). ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി ജീവനക്കാരുടെ യോഗം വിലയിരുത്താറുണ്ട്.

പേഴ്സണൽ രജിസ്റ്റർ-

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതുന്നുണ്ടെങ്കിലും ആരും തന്നെ അത് സമയബന്ധിതമായി, കൃത്യമായി പരിശോധിക്കുന്നില്ല. തപാലുകൾ തീർപ്പാക്കിയ തിയതി, രേഖപ്പെടുത്തുകയോ ഡിസ്പോസൽ അടയാളപ്പെടുത്തുകയോ ചെയ്യുന്നില്ല. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയബന്ധിതമായി തീർപ്പുകൽപിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്.

ഹാജർ പട്ടിക കൃത്യമായി സൂക്ഷിക്കുന്നില്ല. സെക്രട്ടറിയുടെ ഹാജർ/അവധി 01-07-2019 മുതൽ 25-07-2019 വരെ ഹാജർപട്ടികയിൽ രേഖപ്പെടുത്തിയിട്ടില്ല. ഇത് ഗുരുതരമായ അപാകതയാണ്.

1-10 മറ്റു ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15-01-2021 മുതൽ 20-01-2021 വരെ | 01-10-2020 മുതൽ 31-12-2020 വരെ | 0 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05-11-2018 മുതൽ 21-11-2018 വരെ | 2013-14മുതൽ 2017-18വരെ | 02-01-2019 |

1-11 ഇ-ടെണ്ടർ-ബിഡ് സമർപ്പണ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭിച്ചില്ല

തൻ വർഷം ഇ-ടെണ്ടർ മുഖേന ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ബിഡ്ഡർമാർ ഓൺലൈൻ ആയി അടക്കുന്ന ബിഡ് സമർപ്പണ ഫീസ് കാസറഗോഡ് ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് വരവ് വന്നിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിൽ ലഭ്യമായ കണക്കനുസരിച്ച് 2020-2021 സാമ്പത്തിക വർഷത്തിൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ നടത്തിയ 6 പൊതു മരാമത്ത് പ്രവൃത്തികളുടെ (വിവിധ പ്രവൃത്തികൾ) ബിഡ് സമർപ്പണ ഫീസ് 27174 രൂപ പഞ്ചായത്തിന് ലഭിക്കാനുണ്ട്. ഈ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ ലഭ്യമാക്കേണ്ടതാണ്.

1-12 ലൈസൻസ് - വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. സാംഖ്യാ അക്കൗണ്ട് പ്രകാരം ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും സാംഖ്യാ അക്കൗണ്ട് പ്രകാരമുള്ള വരവുമായി റികൺസൈൽ ചെയ്യേണ്ടതുമാണ്. ആയത് പാലിച്ചിട്ടില്ല. ലൈസൻസ് രജിസ്റ്റർ പ്രകാരം 2020-21 വർഷത്തിൽ 90 ലൈസൻസ് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

1-13 കറവപ്പശുക്കൾക്ക് , കാലിത്തീറ്റ സബ്സിഡി നൽകൽ-അപാകത

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ | |
| പ്രൊജക്റ്റ് നമ്പർ | 184/2020-21 |
| പ്രൊജക്റ്റ് | കറവപ്പശുക്കൾക്ക് , കാലിത്തീറ്റ സബ്സിഡി നൽകൽ |
| അടങ്കൽ തുക | 2,00,000 |
| ചെലവ് തുക | 1,72,040 |
| ബിൽ നമ്പർ / തിയ്യതി | 6/2020-21 തിയ്യതി : 22.10.2020 |
| ഫണ്ട് ഇനം | വികസന ഫണ്ട് (ജനറൽ) |

2020-21 വർഷത്തിൽ, നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജൻ , കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി നൽകൽ പദ്ധതി നടപ്പിലാക്കുന്നതിനായി സബ്സിഡി ഇനത്തിൽ ഗുണഭോക്താക്കൾക്ക് 1,72,040/- രൂപ വിതരണം ചെയ്തിട്ടുണ്ട്. കാലിത്തീറ്റ സബ്സിഡി പദ്ധതി പ്രകാരം കേരളാ ഫീഡ്സ് ലിമിറ്റഡിന് മേൽ ബിൽ പ്രകാരം തുക നൽകിയിട്ടുണ്ട് . കേരളാ ഫീഡ്സ് ലിമിറ്റഡിൽ നിന്നും 272 ചാക്ക് കാലിത്തീറ്റ അനുവദിച്ചിട്ടുണ്ട്. എന്നാൽ , കാലിത്തീറ്റ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കാലിത്തീറ്റ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ചെലവ് തുകയായ 1,72,040/- രൂപ തടസ്സപ്പെടുത്തുന്നു. ( ഓഡിറ്റ് എൻക്വയറി : നമ്പർ : 02/ 2021 തിയ്യതി : 11.08.2021 )

## 1-14 ക്ഷീര സംഘങ്ങൾ മുഖേന നൽകുന്ന പാലിന് സബ്സിഡി-അപാകത

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ | |
| പ്രൊജക്റ്റ് നമ്പർ | 123/2020-21 |
| പ്രൊജക്റ്റ് | ക്ഷീര സംഘങ്ങൾ മുഖേന നൽകുന്ന പാലിന് സബ്സിഡി നൽകൽ |
| അടങ്കൽ തുക | 2,50,000 |
| ചെലവ് തുക | 1,99,988/- |
| ബിൽ നമ്പർ /തിയ്യതി | 1/2020-21 തിയ്യതി : 26.06.2020 |
| ഫണ്ട് ഇനം | ബ്ലോക്ക് പഞ്ചായത്ത് വിഹിതം |

2020-21 വർഷത്തിൽ, നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജൻ , മേൽ പദ്ധതി നടപ്പിലാക്കുന്നതിനായി 1,99,988/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾ പാൽ അളന്നതു സംബന്ധിച്ച , ക്ഷീര സഹകരണ സംഘങ്ങളുടെ വിശദവിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ക്ഷീര സഹകരണ സംഘങ്ങളുടെ വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ , ചെലവ് തുകയായ 1,99,988/- രൂപ തടസ്സപ്പെടുത്തുന്നു . (എൻക്വയറി നമ്പർ 03/2021 തിയ്യതി 11.08.2021 )

## 1-15 ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ലൈഫ് ഭവന പദ്ധതി പ്രകാരം നിർമ്മാണമാരംഭിച്ച ചുവടെ ചേർത്ത ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. നിർമ്മാണം പൂർത്തീകരിക്കാത്ത വീടുകൾ നിലവിലുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് എത്രയും വേഗം പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ.നം | ഗുണഭോക്താവിന്റെ പേര് | യൂണിറ്റ് കോസ്റ്റ് | നാളിതുവരെ കൈപ്പറ്റിയ തുക | നൽകാൻ അവശേഷിക്കുന്ന തുക | വീടിന്റെ ഇപ്പോഴത്തെ സ്റ്റേജ് |
|---|---|---|---|---|---|
| 1 | ബാബു.എസ് S/O ചുക്റ, ശാന്തിഗിരി | 4,00,000/- | 3,00,000/- | 1,00,000/- | ചുമർ നിർമ്മാണം |
| 2 | ഐത്തപ്പ S/O അങ്കാര, ഗോളിക്കട്ട | 4,00,000/- | 3,00,000/- | 1,00,000/- | ചുമർ നിർമ്മാണം |
| 3 | ജയന്തി W/O കൃഷ്ണ നായ്ക്, നായിത്തോട് | 6,00,000/- | 3,00,000/- | 3,00,000/- | മേൽക്കൂര നിർമ്മാണം |
| 4 | ബാബു S/O സുബ്ബ നായ്ക്, കക്കെബൈട്ടു | 6,00,000/- | 1,68,000/- | 4,32,000/- | ചുമർ നിർമ്മാണം |
| 5 | നാഗവേണി W/O രാധാകൃഷ്ണ നായ്ക്, ബീലുദക്കട്ട | 6,00,000/- | 40,000/- | 5,60,000/- | തറ നിർമ്മാണം |
| 6 | സുബ്ബണ്ണ നായ്ക് S/Oനാരായണ നായ്ക് , മീത്തജാൽ | 6,00000/- | 40,000/- | 5,60,000/- | തറ നിർമ്മാണം |

മേൽ ഗുണഭോക്താക്കളുടെ വീട് നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>1-16 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.</u>

1) പ്രോജക്ട് നമ്പർ 181/21 (2020-21)

പ്രോജക്ടിന്റെ പേര്- പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് വൈദ്യുതി കണക്ഷൻ

ബിൽ നമ്പർ 31,32,33,34,33/ 04.09.2020 പ്രകാരം KSEB യിൽ ഗ്രാമ പഞ്ചായത്ത് വിവിധ സ്ഥാപനങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിനായി 17,076/- (Ac/നം 42143170000021) നിക്ഷേപിച്ചിട്ടുണ്ട്. ചെലവ് പൂർത്തീകരണ സംബന്ധിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.5/16-08-2021)

2) പ്രോജക്ട് നമ്പർ 140/21 (2020-21)

പ്രോജക്ടിന്റെ പേര്- പട്ടികജാതി കോളനികൾക്ക് തെരുവ് വിളക്ക് സ്ഥാപിക്കൽ-

ബിൽ നമ്പർ 35/17.10.2020 പ്രകാരം KREWS ന് ഗ്രാമ പഞ്ചായത്ത് 64,438/-രൂപ (Ac/നം 67256868977) നൽകിയിട്ടുണ്ട്. KREWS സമർപ്പിച്ച 40/210/ 19.20/ 09.03.2020 ഇൻവോയ്സ് പ്രകാരം 12 Watts ന്റെ 29 തെരുവ് വിളക്കുകളാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ തെരുവ് വിളക്കുകൾ സ്ഥാപിച്ച പട്ടിക ജാതി കോളനികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല. കൂടാതെ എതൊക്കെ വൈദ്യുതി പോസ്റ്റിലാണ് തെരുവ് വിളക്ക് സ്ഥാപിച്ചത് എന്ന വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ള രേഖകളും പട്ടികജാതി വർക്കിംഗ് ഗ്രൂപ്പ് , പഞ്ചായത്തിന്റെ വികസന മാർഗ്ഗനിർദേശങ്ങൾ പ്രകാരം നടത്തിയ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.5/16-08-2021)

3) പ്രോജക്ട് നമ്പർ 141/21 (2020-21)

പ്രോജക്ടിന്റെ പേര്- പട്ടികവർഗ്ഗ കോളനികൾക്ക് തെരുവ് വിളക്ക് സ്ഥാപിക്കൽ-

ബിൽ നമ്പർ 29/17.10.2020 പ്രകാരം KSEB യിൽ ഗ്രാമ പഞ്ചായത്ത് 1,46,846/- (Ac/നം 42143170000021) നിക്ഷേപിച്ചിട്ടുണ്ട്. തെരുവ് വിളക്കുകൾ സ്ഥാപിച്ച പട്ടിക വർഗ്ഗ കോളനികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല. കൂടാതെ എതൊക്കെ വൈദ്യുതി പോസ്റ്റിലാണ് തെരുവ് വിളക്ക് സ്ഥാപിച്ചത് എന്ന വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ള രേഖകളും പട്ടികജാതി വർക്കിംഗ് ഗ്രൂപ്പ് , പഞ്ചായത്തിന്റെ വികസന മാർഗ്ഗനിർദേശങ്ങൾ പ്രകാരം നടത്തിയ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. ചെലവ് സംബന്ധിച്ച് പ്രവൃത്തി പൂർത്തീകരിച്ച വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.5/16-08-2021)

4) പ്രോജക്ട് നമ്പർ 143/21 (2020-21)

പദ്ധതിയുടെ പേര്- പട്ടികജാതി കോളനികൾക്ക് തെരുവ് വിളക്ക് സ്ഥാപിക്കൽ-

ബിൽ നമ്പർ 30,31/17.10.2020 പ്രകാരം KSEB യ്ക്ക് ,ഗ്രാമ പഞ്ചായത്ത് 1,61,274/- (Ac/നം 42143170000021) നിക്ഷേപിച്ചിട്ടുണ്ട് . തെരുവ് വിളക്കുകൽ സ്ഥാപിച്ച പട്ടിക ജാതി കോളനികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല. കൂടാതെ എതൊക്കെ വൈദ്യുതി പോസ്റ്റിലാണ് തെരുവ് വിളക്ക് സ്ഥാപിച്ചത് എന്ന വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ള രേഖകളും പട്ടികജാതി വർക്കിംഗ് ഗ്രൂപ്പ് , പഞ്ചായത്തിന്റെ വികസന മാർഗ്ഗനിർദേശങ്ങൾ പ്രകാരം നടത്തിയ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. ചെലവ് സംബന്ധിച്ച് പ്രവൃത്തി പൂർത്തീകരിച്ച വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.5/16-08-2021)

5) പ്രോജക്ട് നമ്പർ 201/21 (2020-21)

പ്രോജക്ടിന്റെ പേര്- പട്ടികവർഗ്ഗ കോളനികൾക്ക് തെരുവ് വിളക്ക് സ്ഥാപിക്കൽ-

ബിൽ നമ്പർ 41/17.10.2020 പ്രകാരം KSEB യ്ക്ക് , ഗ്രാമ പഞ്ചായത്ത് 12,614/- രൂപ (Ac/നം 42143170000021) നൽകിയിട്ടുണ്ട്. തെരുവ് വിളക്കുകൽ സ്ഥാപിച്ച പട്ടിക വർഗ്ഗ കോളനികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല. കൂടാതെ എതൊക്കെ വൈദ്യുതി പോസ്റ്റിലാണ് തെരുവ് വിളക്ക് സ്ഥാപിച്ചത് എന്ന വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ള രേഖകളും പട്ടികജാതി വർക്കിംഗ് ഗ്രൂപ്പ് , പഞ്ചായത്തിന്റെ വികസന മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം നടത്തിയ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിച്ച വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.5/16-08-2021)

6)പ്രോജക്ട് നമ്പർ 181/21

പദ്ധതിയുടെ പേര്- പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് വൈദ്യുതി കണക്ഷൻ .

ബിൽ നമ്പർ 13/04.09.2020

ചെലവ് 17,076/-

പഞ്ചായത്തിന്റെ കീഴിൽ വരുന്ന സ്ഥാപനങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിനു വേണ്ടി കെ.എസ്.ഇ.ബി.യിലെ DB-0- DT.26.03.2019 എസ്റ്റിമേറ്റ് പ്രകാരം ഗ്രാമ പഞ്ചായത്ത് 17,076/- രൂപ

(Ac/നം 42143170000021) ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട് .

വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള സ്ഥാപനങ്ങളും നിക്ഷേപിച്ച തുകയുടെ വിവരങ്ങൾ

1)നാടെക്കൽ ഐ.സി.ഡി.എസ്. സബ് സെന്റർ -2621/-

2)അതനടുക ആഗ്രോ സർവ്വീസ് സെൻറ്റർ -2471/-

3)കജ എസ്.ടി. കോളനി കമ്യൂണിറ്റി ഹാൾ -8863/-

4)കിന്നിംഗാർ കമ്യൂണിറ്റി ഹാൾ -3171/-

പ്രൊജക്ട് പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.5/16-08-2021)

## 1-17 തെരുവ് വിളക്കുകൾ- സംയുക്തമായി പരിശോധന നടത്തിയിട്ടില്ല.

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്-സംയുക്തമായി പരിശോധന നടത്തിയിട്ടില്ല. ഗ്രാമപഞ്ചായത്ത് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ 2020-21 ൽ 69,043/ - രൂപ കെ.എസ്.ഇ.ബി യിൽ അടച്ചിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി. യും ഗ്രാമപഞ്ചായത്തും നാളിതുവരെയായും സംയുക്തമായി പരിശോധന നടത്തി പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകൾ എത്രയെണ്ണം ഉണ്ടെന്നും അവയുടെ തരം ഏതൊക്കെയാണെന്നും നിർണ്ണയിച്ചതായി കാണുന്നില്ല-. പ്രവർത്തനക്ഷമമല്ലാത്ത തെരുവ് വിളക്കുകൾക്ക്കൂടി വൈദ്യുതചാർജ് ഒടുക്കേണ്ടി വരുന്ന അവസ്ഥ ഇത് കാരണം പഞ്ചായത്തിൽ നിലനിൽക്കുന്നു. സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകൾ നിലവിൽ എത്ര എണ്ണമാണ് ഉള്ളത് എന്ന് നിർണയിക്കാനുള്ള നടപടികൾ സ്വീകരിക്കാത്തത് വിശദീകരിക്കേണ്ടതാണ്. തെരുവ് വിളക്കുകൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകൾ നിലവിൽ എത്ര എണ്ണമാണ് ഉള്ളത് എന്ന് നിർണ്ണയിച്ച് ആയത് രജിസ്റ്ററിൽ രേഖപ്പെടുത്താനുള്ള നടപപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.5/16-08-2021)

## 1-18 ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്.

ദുരിതാശ്വാസ നിധി പ്രവർത്തനമില്ല . 2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്. ദുരിതാശ്വാസ നിധി ചട്ട പ്രകാരം ചെയ്യേണ്ടതായ മറ്റ് പ്രവർത്തനങ്ങളൊന്നും ഗ്രാമ പഞ്ചായത്തിൽ നടന്നിട്ടില്ല. പ്രളയം, കോവിഡ് പോലെയുള്ള നേരിടുന്ന സമയമായതിനാൽ പഞ്ചായത്തിന്റെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.5/16-08-2021)

## 1-19 വിനിയോഗ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി

ഐ.കെ.എം. നുള്ള പഞ്ചായത്തിന്റെ വിഹിതമായി 2020-21 വർഷത്തിൽ താഴെ ചേർത്തിരിക്കുന്ന പ്രകാരം തുക കൈമാറിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്റ്റ് നം. & പേര് | ബിൽ നം. & തുക | തുക സ്വീകരിച്ച സ്ഥാപനം |
|---|---|---|---|
| 1 | പ്രോ.നം.224/2021 ഐ.കെ.എം. ന് പഞ്ചായത്ത് വിഹിതം. | 26/ 25.09.2020 58,990/- | ഐ.കെ.എം.തിരുവനന്തപുരം AC/57047023512 |

ഇപ്രകാരം ഐ.കെ.എം. ന് കൈമാറിയ തുകയുടെ വിനിയോഗ വിവരം പഞ്ചായത്തിന് ലഭിച്ചിട്ടില്ല. തുകയുടെ വിനിയോഗ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.5/16-08-2021).

## 1-20 വയോമിത്രം വിഹിതം- വിനിയോഗ സാക്ഷ്യപത്ര ലഭ്യമാക്കിയില്ല.

പ്രോജക്ട് നമ്പർ 117/21(2020-21)

പദ്ധതിയുടെ പേര്- വയോമിത്രം വിഹിതം.

ബിൽ നമ്പർ 7/2020-21 തിയ്യതി 10.07.2020 പ്രകാരം വയോമിത്രം വിഹിതമായി ഗ്രാമപഞ്ചായത്ത് 5,00000/-രൂപ (Ac/നം 70101140000134) സാമൂഹ്യ ക്ഷേമ വകുപ്പിന് (Social Security Mission TVM) നൽകിയിട്ടുണ്ട് . ചെലവിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.5/16-08-2021)

## 1-21 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

പ്രൊജക്ട് നം.15/21 പ്രകാരം ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ട്രഷറി ബിൽ നം.47/ തി. 13.11.2020 പ്രകാരം 99,998/- രൂപ (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) കേരള ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ആലപ്പുഴ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പ്രഫോർമ ഇൻവോയ്സ് നം.LF2/263/ തി.20.05.2021 പ്രകാരം ₹ 20,000/- രൂപയുടെ മരുന്ന് മാത്രമാണ് ലഭിച്ചത്. എന്നാൽ നാളിതുവരെ 79,998/- രൂപയുടെ മരുന്ന് സ്ഥാപനത്തിന് ലഭിച്ചിട്ടില്ല . തുക കൈമാറി ഒരു വർഷം കഴിഞ്ഞിട്ടും മരുന്ന് ലഭിക്കാത്ത വിഷയം അടിയന്തിരമായി ബന്ധപ്പെട്ട സ്ഥാപനത്തെ ധരിപ്പിച്ച് , മേൽ പ്രൊഫോമ ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതും ഇതുപ്രകാരമുള്ള ഇൻവോയ്സ്, സ്റ്റോക്ക് എന്നീ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.5/16-08-2021)

## 1-22 ആർജിത അവധി സറണ്ടർ അനുവദിച്ചത്- അപാകത.

05.11.2020 ലെ ജി.ഒ. (പി)നം. 152/2020/ ധന പ്രകാരം സർക്കാർ ജീവനക്കാരുടെ 2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിക്കുന്നതിന് സർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഇപ്രകാരം ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ സംബന്ധിച്ച് പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിനു മുൻപേ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 22100116/03.06.2021 /ചെക്ക് നം.10863/02.06.2021വൗച്ചർ നം.പ്രകാരം ചുവടെ പരാമർശിക്കുന്ന ജീവനക്കാർക്ക് 4,03,152/- രൂപയും വൗച്ചർ നം. 22100149/22.06.2021 /ചെക്ക് നം.21839/ 18.06.2021 +70,000/- ആർജിത അവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. ചെക്ക് നമ്പർ 010853/ 02.06.2021 പ്രകാരം ഈ തുക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും മാറിയിട്ടുണ്ട്.

| ക്രമ നം | ജീവനക്കാരന്റെ പേര്, തസ്തിക. | ആർജിത അവധി സറണ്ടർ ഇനത്തിൽ അനുവദിച്ച തുക. |
|---|---|---|
| 1 | ഇബ്രാഹിം കെ.സി .ഹെഡ് ക്ലാർക്ക് | 57,054/- |
| 2 | നേരോഡ് പ്രസാദ് സി.ജി. അക്കൗണ്ടന്റ് | 53,058/- |
| 3 | സുരേഷ് കെ എം.വി., സീനിയർ ക്ലാർക്ക് | 51,837/- |
| 4 | സുരേന്ദ്രൻ എം. സീനിയർ ക്ലാർക്ക് | 49,395/- |
| 5 | രഞ്ജിത്ത് പി. ക്ലാർക്ക് | 46,953/- |
| 6 | രോഹിണി പി.,ഓഫീസ് അറ്റൻഡന്റ് | 62,715/- |
| 7 | വിനോദ് കെ., ക്ലാർക്ക് | 43,623/- |
| 8 | രഘുനാതൻ കെ. ,ക്ലാർക്ക് | 38,517/- |
| 9 | എ.എൽ. തോമസ് , സെക്രട്ടറി<br>വൗച്ചർ നം. (22100149/ 22.06.2021 / ചെക്ക് നം.21839/ 18.06.2021 ) | 77,000 |
| | | |

2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ട്രഷറി വകുപ്പ് ഡയറക്ടറുടെ 31.05.2021 ലെ കത്ത് നമ്പർ TRY/1850/2021-E1 പ്രകാരം ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ സംബന്ധിച്ച് പുതുക്കിയ നിർദ്ദേശങ്ങൾ ലഭിച്ചതിനുശേഷം മാത്രമേ സംസ്ഥാന സർക്കാർ ജീവനക്കാർ ജീവനക്കാരുടെ സറണ്ടർ ബില്ലുകൾ പരിഗണിക്കേണ്ടതുള്ളൂ എന്ന നിർദ്ദേശം ഉണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ സറണ്ടർ അനുവദിച്ചിട്ടില്ല.

2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും തുടർ നിർദ്ദേശങ്ങൾ ലഭിക്കുന്നതിനു മുൻപുതന്നെ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ആർജിത അവധി സറണ്ടർ അനുവദിച്ചതിന് വിശദീകരണം ആവശ്യമാണ്. (ഓഡിറ്റ് എൻക്വയറി നം.5/16-08-2021)

## 1-23 തൊഴിലുറപ്പ് -സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട നികുതികൾ കുറവു ചെയ്യുതിട്ടില്ല.

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിപ്രകാരം നടപ്പിലാക്കിയ പ്രവൃത്തികളിൽ സാധനങ്ങൾ വാങ്ങിയ വകയിൽ 2.5 ലക്ഷം രൂപയ്ക്കു മുകളിൽ ഉള്ള പേയ് മെന്റുകൾ നടത്തുമ്പോൾ ജി.എസ്.ടി. തുക കുറവ് ചെയ്ത് അടച്ചിട്ടുള്ളതായി കാണുന്നില്ല. കൂടാതെ 1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000 രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ (0.75%) തുക (സ്ഥാപനങ്ങളിൽ നിന്നും 2%) സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർത്ത പ്രവൃത്തികളിൽ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടച്ചതായി കാണുന്നില്ല. പ്രവൃത്തികളുടെയും, സാമഗ്രികൾ വാങ്ങിയ വകയിൽ കരാറുകാരുടെ അക്കൗണ്ടുകളിലേക്ക് നിക്ഷേപിച്ച തുകകളുടെയും സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടിയിരുന്ന ജി.എസ്.ടി യുടെയും (1% എസ്.ജി.എസ്.ടി, 1% സി.ജി.എസ്.ടി) ആദായ നികുതിയുടേയും (0.75%) വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | മെറ്റീരിയൽ തുക | FTO നം & തിയതി | ഈടാക്കേണ്ട ജി.എസ്.ടി. @2% (1+1) | ഈടാക്കേണ്ട ആദായ നികുതി @0.75% |
|---|---|---|---|---|---|---|
| 1 | അമ്പങ്ങാട് മാപ്പിളങ്ങാട് റോഡ് കോൺക്രീറ്റ് | മുഹമ്മദ് ആസിഫ് എ.എൻ | 3,80,010 | 6827 തി.07.04.2021 | 7,600/- | 2,850 /- |
| 2 | കുലദപ്പറ റോഡ് കോൺക്രീറ്റ് | മുഹമ്മദ് ആസിഫ് എ.എൻ | 3,81,354 | 38332/ 38363 തി.18.02.2020 / തി.21.04.2021 | 7,627/- | 2,860/- |

| | | | | | | |
|---|---|---|---|---|---|---|
| 3 | ക്ലൂർ മുതൽ കാമനതുക്ക റോഡ് കോൺക്രീറ്റ് | മുഹമ്മദ് ആസിഫ് എ.എൻ | 3,55,931 | 68827 തി.07.04.2021 | 7,118/- | 2,669/- |
| 4 | പള്ളപ്പാടി മുതൽ അഡ്കതമജല്ല റോഡ് റോഡ് കോൺക്രീറ്റ് | മുഹമ്മദ് ആസിഫ് എ.എൻ | 3,80,011 | 38369/38384 തി. 21.04.2020 | 7,600/- | 2,850/- |
| ആകെ | | | | | 29,945/- | 11,229/- |

നികുതികൾ ഈടാക്കാത്തതിന് കാരണങ്ങൾ വിശദമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.07/17.08.2021) സെക്രട്ടറി മറുപടി നൽകിയിട്ടില്ല. ആയതിനാൽ ആദായ നികുതി, ജി.എസ്.ടി. എന്നീയിനങ്ങളിൽ സർക്കാരുകൾക്കുണ്ടായ നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കി നികത്തേണ്ടതാണ്.

## 1-24 ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ -പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ 16 അംഗൻവാടി സെന്ററുകൾ വഴി വിതരണം ചെയ്യുന്നതിനുള്ള ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം ഹരിശ്രീ ഫുഡ് സപ്ലിമെന്റ് യൂണിറ്റ്, ചെങ്കള എന്ന സ്ഥാപനത്തിൽ നിന്നും വിവിധ മാസങ്ങളിലായി നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസർ വാങ്ങിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ ആകെ 8,654.05 കി.ഗ്രാം ന്യൂട്രിമിക്സ് വാങ്ങിയതിന് 5,91,815/- രൂപ മേൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 01.02.2010, 05.06.2010 എന്നീ തീയ്യതികളിലെ ഐ.സി.ഡി.എസ്.ബി. 3-312/2010 നമ്പർ കത്തുകൾ പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഇത്തരത്തിലുള്ള പരിശോധനകൾ നടത്തിയിട്ടുള്ളതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനത്തിൽ നിർമ്മിക്കുന്ന ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.5/16-08-2021)

## 1-25 നെൽകൃഷി വികസന പദ്ധതി - ഫീൽഡ് പരിശോധന റിപ്പോർട്ടുകൾ സൂക്ഷിക്കുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ കൃഷി ഓഫീസർ
2020-21 വർഷം നടപ്പിലാക്കിയ നെൽകൃഷി വികസന പദ്ധതി (പ്രൊ.നം.21/21) പ്രകാരം 6,80,000/- രൂപ കൂലിച്ചെലവ് ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷിപ്പിൽ ജി.ഒ. (എം.എസ്.) 22/2018 ത.സ്വ.ഭ.വ. തിയ്യതി 14-02-2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.1.6, അതിനോടൊന്നിച്ചുള്ള കുറിപ്പ് എന്നിവയിൽ പരാമർശിച്ചിട്ടുള്ള ചുവടെ ചേർത്ത നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1) സബ്സിഡി മാർഗ്ഗ രേഖയിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഗുണഭോക്താക്കൾ കൃഷി ചെയ്തിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. എന്നാൽ ഇത് സാധൂകരിക്കുന്ന പരിശോധന റിപ്പോർട്ടുകൾ ഗുണഭോക്താക്കളുടെ വ്യക്തിഗത അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. കൂലിച്ചെലവ് നൽകുന്ന സാഹചര്യത്തിൽ കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി , കൃഷിച്ചലവ്, അനുവദിക്കുന്ന സബ്സിഡി തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധന സാക്ഷ്യപത്രം അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

2) വ്യക്തിഗത അപേക്ഷകളിൽ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) നടീൽ, കൊയ്ത്ത് /വിളവെടുപ്പ് എന്നിവയൊഴികെയുള്ള പ്രവർത്തനങ്ങളിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം എന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് .

1-26 മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ അപാകതകൾ

1)പാലിയേറ്റീവ് മാനേജ് മെന്റ് കമ്മിറ്റി/പാലിയേറ്റീവ് ഇംപ്ലിമെന്റേഷൻ കമ്മിറ്റി യോഗങ്ങൾ ചേരുന്നില്ല

| | |
|---|---|
| പ്രോജക്ട് നം / പേര് | 52/20-21 / സാന്ത്വന പരിചരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫിസർ,ബെള്ളൂർ |
| അടങ്കൽ | 4,81,540 രൂപ (വികസന ഫണ്ട്-ജനറൽ, ജില്ലാപഞ്ചായത്ത് വിഹിതം) |
| ചെലവ് | 4,08,787/- രൂപ |

സ.ഉ. (സാധാ) നം.3217/2015/ത.സ്വ.ഭ.വ. തീയ്യതി 29.10.2015 നമ്പർ ഉത്തരവിലേയും സ.ഉ. (സാധാ) നം.553/2019/ ത.സ്വ.ഭ.വ തീയ്യതി 07.03.2019 നമ്പർ ഉത്തരവിലേയും മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പാലിയേറ്റീവ് പ്രവർത്തനങ്ങൾ ഏറ്റെടുക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട് . പ്രസ്തുത ഉത്തരവ് പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (PMC) രൂപീകരിച്ച് രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈകൊള്ളേണ്ടതാണ്. ബെള്ളൂർ ഗ്രാമപഞ്ചായത്തിൽ PMCയുടെ യോഗം 2020-21 വർഷം 25.05.2020, 03.06.2020, 04.01.2021 എന്നീ തീയതികളിൽ ചേർന്നിട്ടുണ്ട്.

പാലിയേറ്റീവ് കെയർ ഇംപ്ലിമെന്റേഷൻ കമ്മിറ്റി (P.I.C) എല്ലാമാസവും 5-ാം തീയതിക്കു മുമ്പായി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. ആവശ്യമെങ്കിൽ രണ്ട് പ്രതിമാസ യോഗങ്ങൾക്കിടയിലും ഈ കമ്മറ്റിക്ക് യോഗം ചേരാവുന്നതാണ്. ബെള്ളൂർ ഗ്രാമപഞ്ചായത്തിൽ PICയുടെ യോഗം 2019-10 വർഷം ചേർന്നതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പ്രതിമാസ യോഗങ്ങൾ വീഴ്ച കൂടാതെ നടത്തി പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2)പാലിയേറ്റീവ് കെയർ-രോഗികളുടെ പേര് വിവരം വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നില്ല

29.10.2015 ലെ സ.ഉ. (സാധാ) നമ്പർ 3217/2015/ത.സ്വ.ഭ.വ. ഖണ്ഡിക 2-5(6) പ്രകാരം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. നോമിനൽ രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുത്തുന്ന കൂട്ടിചേർക്കലുകളും ഒഴിവാക്കലുകളും വെബ്സൈറ്റിലെ ലിസ്റ്റിലും വരുത്തേണ്ടതാണ്. വെബ്സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്നും തുക ചെലവഴിക്കാൻ പാടില്ല. മേൽ ഉത്തരവ് പ്രകാരം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശഭരണസ്ഥാപനത്തിൻെറ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതായി കാണുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.4 തീയതി 16.08.2021)

1-27 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ – ഹെഡ്മാസ്റ്റർ ,GLPS നെട്ടണിഗെ
താഴെക്കൊടുത്തിരിക്കുന്ന പദ്ധതിയുടെ നടത്തിപ്പിനായി ഹെഡ്മാസ്റ്റർ തുക കൈമാറിയിട്ടുണ്ട്.

| ക്രമ നം | പ്രോജക്ട് നം. | വകയിരുത്തൽ | ബിൽ നം./ തീയതി/ തുക | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 1. | 86/2020-21<br>പത്താം തരം, പ്ലസ് വൺ തുല്യതാ പരീക്ഷകൾക്ക് ഫീസ് ഒടുക്കൽ | വികസന ഫണ്ട് (സാധാ)<br>1,10,850 | 23/2020-21 തീയതി 26.03.2021<br>79,500/- രൂപ | കേരള സംസ്ഥാന സാക്ഷരതാ മിഷൻ |

എന്നാൽ ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ഇക്കാരണത്താൽ ചെലവ് തുകയായ 79,500/- രൂപ തടസ്സപ്പെടുത്തുന്നു.

1-28 ജലനിധി പദ്ധതി-നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

എ.എസ്.നമ്പർ-PR28/15 D തിയതി.13.05.2015

ടി.എസ്.നം.301/1552/Dt/Ts/Batch-11/PMU/2015

TS Amount-7,54,48748/-

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന ജലനിധി പദ്ധതി 3 പാക്കേജുകളായാണ് തരം തിരിച്ചിട്ടുള്ളത്. പാങ്കോട് ഒന്ന്, പാസിംഗ്, മൈനാറ്റം രണ്ട് മൂന്ന് ജലവിതരണ ശൃംഖലകളാണ്. മുളിയാർ ഗ്രാമ പഞ്ചായത്തിൽപ്പെടുന്ന പയസ്വിനി നദിയിൽ കുണ്ടാർ എന്ന സ്ഥലത്താണ് ടാങ്ക് നിർമ്മിച്ചിട്ടുള്ളത്. ഇവിടെ നിന്നും ബെള്ളൂർ ഗ്രാമ പഞ്ചായത്തിലെ 3 കിലോമീറ്റർ ഉയരമുള്ള പ്രദേശമായ മിഞ്ചിപ്പദവ് എന്ന പ്രദേശത്തിൽ വെള്ളം പമ്പിങ്ങ് ചെയ്ത് ശേഖരിക്കുവാൻ തീരുമാനിച്ച് ടാങ്ക് സ്ഥാപിച്ചു. അകെ 32 ഗുണഭോക്തൃ സമിതികളാണ് 13 വാർഡുകളിലായി ഉള്ളത്. പാക്കേജ് രണ്ടിൽ 12 സമിതികളും പാക്കേജ് മൂന്നിൽ 20 സമിതികളുമാണുള്ളത്. 20 ഗുണഭോക്തൃ സമിതിയിൽ 683 കുടുംബങ്ങളും പാക്കേജ് രണ്ടിൽ 12 443 കുടുംബങ്ങളുമാണുള്ളത്. ഇതിൽ 169 പട്ടികവർഗ്ഗം ,256 പട്ടിജാതി, 701 ജനറൽ കുടുംബങ്ങളാണ്. പദ്ധതിയുടെ നടത്തിപ്പും പരിപാലന ചുമതലയ്ക്കുമായി ശുദ്ധജല വിതരണ സമിതി (SLEC) 2014-15 ൽ പ്രവൃത്തി ആരംഭിച്ച് 2019-20 അവസാനത്തോടെ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും, പദ്ധതി പൂർത്തീകരണ കാലയളവ് അവസാനിച്ചിട്ടും കുടിവെള്ള വിതരണം പൂർത്തീകരിക്കുവാൻ അധികൃതർക്ക് സാധിച്ചിട്ടില്ല. നിരവധി സ്ഥലങ്ങളിൽ പൈപ്പ് ലൈൻ പൊട്ടിപ്പോയ സ്ഥിതിയിലാണ് . ജലനിധി പദ്ധതി നടത്തിപ്പിന് 2019-20 വരെ 8,15,15,922/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 7,52,97,480/- രൂപ പദ്ധതി ചെലവും 62,18,448/- മറ്റു ചെലവുകളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇത്രയും തുക ചെലവ് ചെയ്തിട്ടും കുടുംബങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യാത്തത് SLEC കമ്മിറ്റിയുടെ ഗുരുതരമായ വീഴ്ച്ചയാണ്. മേൽ തുക ചെലവഴിച്ചിട്ടും കുടിവെള്ള പദ്ധതി പൂർത്തീകരിക്കാത്തത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ തികഞ്ഞ അനാസ്ഥയാണ്. ഇതു സംബന്ധിച്ച് കൂടുതൽ അന്വേഷണം ആവശ്യമാണ്. (ഓഡിറ്റ് എൻക്വയറി നം.9/18-08-2021)

1-29 അംഗൻവാടികളിലേക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണത്തിലെ അപാകതകൾ

പദ്ധതി നമ്പർ : 102/2021 (2020-21)

പദ്ധതിയുടെ പേര് : അംഗൻവാടി അനുപൂരക പോഷകാഹാരം

ബിൽ നമ്പർ : 20/28.01.2021

ചെലവ് തുക: 1,58,070/-

2020-21 വർഷത്തിൽ അംഗൻവാടികളിലേക്ക് വിതരണം ചെയ്യുന്നതിനായി സിവിൽ സപ്ലൈസ് കോർപറേഷൻനിന്നും ചുവടെ ചേർത്തിരിക്കുന്ന പ്രകാരം ഭക്ഷ്യധാന്യങ്ങൾ വാങ്ങിയിട്ടുണ്ട്.

| ബിൽ നമ്പർ | ഇൻവോയിസ് നമ്പർ/ തിയതി | വാങ്ങിയ ഭക്ഷ്യധാന്യങ്ങൾ | അളവ് | അംഗൻവാടി കളിലേക്ക് വിതരണം നടത്തിയത് | നൽകിയ തുക | വിതരണ ത്തിലെ കുറവ് |
|---|---|---|---|---|---|---|
| 20/28.01.2021 | 20474/ 30.11.2020 | ഗോതമ്പ് | 995 | 475 | 53,590 | 520 |
| 20/28.01.2021 | 20474/ 30.11.2020 | ചെറുപയർ | 320 | 115 | 36,160 | 205 |
| 20/28.01.2021 | 20474/ 30.11.2020 | ശർക്കര | 270 | 95 | 16,085 | 175 |
| 20/28.01.2021 | 20474/ 30.11.2020 | നിലക്കടല | 149 | 56 | 25,683 | 93 |
| 20/28.01.2021 | 20474/ 30.11.2020 | വെളിച്ചെണ്ണ | 121 | 43 | 26,502 | 78 |

ഭക്ഷ്യധാന്യങ്ങളുടെ വിവരം സൂപ്പർവൈസർ സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി ചേർത്തിട്ടില്ല. അംഗൻവാടികളിലേക്ക് വിതരണം നടത്തിയ ഭക്ഷ്യധാന്യങ്ങളുടെ വിവരമുള്ള അംഗൻവാടിയിൽ സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ 16 അംഗൻവാടികൾക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്തിയ രേഖകളും അംഗൻവാടിയിൽ സൂക്ഷിക്കുന്ന ഫുഡ് സ്റ്റോക്ക് രജിസ്റ്ററും സൂപ്പർവൈസർ സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്ററിലെ അപാകതകളും സി.ഡി.പി.ഒ. പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ രേഖകൾ ഹാജരാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.5/16-08-2021)

## 1-30 അംഗൻവാടികളിലേക്ക് ന്യൂട്രീമിക്സ് വിതരണം അപാകതക്കൾ

നിർവ്വഹണോദ്യാഗസ്ഥ – ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രൊജക്ട് നമ്പർ : 101,102,103/2021

പ്രൊജക്ടിന്റെ പേര് : അംഗൻവാടി അനുപൂരക പോഷകാഹാരം

ചെലവ് തുക : 4,29,898/-

2020-21 വർഷത്തിൽ അംഗൻവാടികളിലേക്ക് വിതരണം ചെയ്യുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന പ്രകാരം ഹരിശ്രീ കുടുംബശ്രീ അമൃതം യൂണിറ്റിൽനിന്നും ന്യൂട്രീമിക്സ് വാങ്ങിയിട്ടുണ്ട്. വാങ്ങിയ ന്യൂട്രീമിക്സ് സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി ചേർത്ത് 16 അംഗൻവാടികളിലേക്ക് വിതരണം നടത്തിയിട്ടില്ല. ന്യൂട്രീമിക്സ് വാങ്ങിയതും, സൂപ്പർവൈസർ സൂക്ഷിക്കുന്ന രേഖകൾ പ്രകാരം വിതരണം നടത്തിയ വിവരവും ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ | ഇൻവോയിസ് നമ്പർ/തീയതി | വാങ്ങിയ ന്യൂട്രീമിക്സ് (കി.ഗ്രാം) | നൽകിയ തുക | അംഗൻവാടി കളിലേക്ക് വിതരണം നടത്തിയത് (കി.ഗ്രാം) | വിതരണ ത്തിലെ |
|---|---|---|---|---|---|

| | | | | | കുറവ് കി.ഗ്രാം |
|---|---|---|---|---|---|
| | 151/04.06.2020 | 573 | 42115 | 566 | 7 |
| | 159/06.07.2020 | 617 | 45349 | 228 | 389 |
| | 163/20.08.2020 | 649 | 47738 | 502 | 147 |
| | 166/09.09.2020 | 712 | 52332 | 705 | 7 |
| | 174/13.11.2020 | 798.5 | 58689 | - | 798.5 |
| | 177/16.12.2020 | 813 | 59755 | 374 | 439 |
| | 183/12.02.2021 | 836.5 | 61482 | 823.5 | 13.5 |
| | 186/09.03.2021 | 849.5 | 62438 | 774.5 | 75 |

ഗ്രാമ പഞ്ചായത്തിലെ 16 അംഗൻവാടികൾക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്തിയ രേഖകളും, അംഗൻവാടിയിൽ സൂക്ഷിക്കുന്ന ഫുഡ് സ്റ്റോക്ക് രജിസ്റ്ററും , സൂപ്പർവൈസർ സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്ററിലെ അപാകതകളും സി.ഡി.പി.ഒ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ രേഖകൾ ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.5/16-08-2021)

<u>1-31 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

വിവിധ പ്രൊജക്ടുകളിലായി 16,29,645/- രൂപയുടെ ചെലവുകൾ നടത്തിയിട്ടുണ്ട്. പ്രൊജക്ട് നടപ്പിലാക്കി പൂർത്തീകരിച്ചതിന്റെ കൃത്യമായ മോണിറ്ററിങ്ങ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണോദ്യോഗസ്ഥൻ ഒരു പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ് (2018-19 പദ്ധതി മാർഗരേഖ ഖണ്ഡിക 14.6, 14.7, 14.8 എന്നിവ കാണുക). കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

പ്രൊജക്ട് നടപ്പിലാക്കിയതിലെ അപാകത ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നം & പേര് | ബിൽ നം & തിയതി | NEFT മുഖാന്തിരം നൽകിയ തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 24/21 കവുങ്ങ് കൃഷി ജൈവ വളം | 11/16.10.2020 | 1,93,745 | 85 |
| | 17/21.12.2020 | 86,750 | 26 |
| 187/21 ഫല പുഷ്പ തൈ വിതരണം | 19/21.12.2020 | 26,750 | ലഭ്യമല്ല |
| | 13/10.10.2020 | 36,765 | |
| | 16/09.11.2020 | 46,875 | |
| 186/21 പച്ചക്കറി കൃഷി ടെറസ്സിലും,മുറ്റത്തും | | 1,80,000 | |
| 45/21 കവുങ്ങ് കൃഷി തുരിശു ചുണ്ണാമ്പ് വിതരണം | 15/09.11.2020 | 85621 | 93 |
| 188/21 തരിശു ഭൂമിയിൽ നെൽ കൃഷി വികസനം | 12/16.102020 | 80,000 | 9 |
| ആകെ | | 7,36,506 | |

വ്യക്തിഗത അപേക്ഷകളിൽ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഫീൽഡ് പരിശോധന റിപ്പോർട്ടുകൾ, വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | 04-08-2021 & 18-08-2021 | അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട് |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 340000 | നെൽകൃഷിക്ക് കൂലിചെലവ് | 340000 | 0 |
| | 2020-21 | 3,50,000 | പാലിന് സബ്സിഡി | 1,99,988 | 1,50,012 |
| | 2020-21 | 1,50,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | 70,900 | 79,100 |
| | 2020-21 | 3,20,000 | ലൈഫ് ഭവന പദ്ധതി | 1,60,000 | 1,60,000 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 1,60,000 | സാന്ത്വന പരിചരണ പദ്ധതി | 1,37,491 | 22,509 |

| | | | | | |
|---|---|---|---|---|---|
| | 2020-21 | 400000 | ലൈഫ് ഭവന പദ്ധതി PMAY | 400000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രോജക്ടിന്റെ പേര് | വൗച്ചർ നം /ബിൽ നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | എസ്.സി. കോളനി തെരുവ് വിളക്ക് | 154/ 14.10.2020 | 64,438 | 64,438 | 0 |
| കെ.എസ്. ഇ.ബി | എസ്.സി. കോളനി തെരുവ് വിളക്ക് | 151&52/ 14.10.2020 | 1,61,274 | 1,61,724 | 0 |
| കെ.എസ്. ഇ.ബി | എസ്. സി. കോളനി തെരുവ് വിളക്ക് | 153/ 14.10.2020 | 1,46846 | 1,46,846 | 0 |
| കെ.എസ്. ഇ.ബി | എസ്. സി. കോളനി തെരുവ് വിളക്ക് | 176/ 22.10.2020 | 12,614 | 12,614 | |
| | | ആകെ | 3,85,172 | 3,85,172 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭ ത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയു ണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ - വായ്പ | GO(MS)No.68/2018 LSG/Tvm Dt. 18.05.2018 | 1,10,24,615 | 1,00,83,438 +200,000 (തൻവർഷം ലഭിച്ചത്) ആകെ - 10283438/- | 13,12,156 | 0 | 89,71,282 |

## 4-6 സ്ഥിര നിക്ഷേപങ്ങളുടെ വിവരം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻ വർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 1 (13) | 8,700 | ഉഷാർകൃഷ്ണൻ അസിസ്റ്റന്റ് എഞ്ചിനിയർ | 120060100426/ 19.10.2020 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99- | 30 | 1999-2000 | lv-77-എ | ബൃതാന എസ്.സി. കോളനി കിണർ നിർമ്മാണം, സിമന്റിന് അധികം തുക ചെലവഴിച്ചത് | സമിതി റിപ്പോർട്ടിൽ തുക തിരിച്ചടച്ചതായി സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ തടസ്സം ഒഴിവാക്കാമോ എന്ന് പരാമർശിച്ചുകാണുന്നില്ല. സമിതിയിൽ നിന്നും തുടർ നിർദ്ദേശങ്ങൾ പ്രതീക്ഷിക്കുന്നു. LFAC 2006-08, 7 മത് റിപ്പോർട്ട് |
| 1998-99- | 33 | 1999-2000 | lv-77-ബി | വിനിയോഗിക്കാതെ തിരിച്ചടച്ച മുൻകൂർ തുകയ്ക്ക് പലിശ ഈടാക്കിയിട്ടില്ല. | സമിതി റിപ്പോർട്ടിൽ തുക തിരിച്ചടച്ചതിനെ അഭിനന്ദി ച്ചിട്ടുണ്ട്. എന്നാൽ തടസ്സം ഒഴിവാക്കാമോ എന്ന് പരാമർശിച്ച കാണുന്നില്ല. സമിതിയിൽ നിന്നും തുടർ നിർദ്ദേശങ്ങൾ പ്രതീക്ഷിക്കുന്നു. LFAC 2006-08, 7 മത് റിപ്പോർട്ട് |
| 2015-16 | 2-1 | 2016-17 | അധ്യായം.1 അനുബന്ധം3 | വസ്തു നികുതി പരാമർശങ്ങൾ | മറുപടി ലഭ്യമാക്കിയില്ല പരാമർശം തുടരുന്നു |
| 2015-16 | 2-2, 2-3 | 2016-17 | അധ്യായം.2 അനുബന്ധം5 | തൊഴിൽ നികുതി പരാമർശങ്ങൾ | മറുപടി ലഭ്യമാക്കിയില്ല പരാമർശം തുടരുന്നു |
| തദ്ദേശ സ്വയം ഭരണ | - | 2017-18 | 2-6 | സമയബന്ധിതമായി പൂർത്തീകരിക്കാത്ത | മറുപടി ലഭ്യമാക്കിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| സ്ഥാപനങ്ങളിലെ ഡെപ്പോസിറ്റ് പ്രവൃത്തികൾ- അവലോകന റിപ്പോർട്ട് 2017-18 | | | (പേജ് 367 To 372 & 502 503, 505) & അനുബന്ധം 7, | പദ്ധതികൾ . പ്രൊ.നം. 39/16 തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കൽ | പരാമർശം തുടരുന്നു |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

1)ചാർജ് നടപടി വഴി ഈടാക്കിയ തുക: ഇല്ല

2) സർചാർജ് നടപടി വഴി ഈടാക്കിയ തുക : ഇല്ല

3) സർചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചത് സംബന്ധിച്ച വിവരം

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക. നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, സ്ഥാനം | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രശീതി നമ്പർ, തീയതി) | റവന്യു റിക്കവറിയിലൂടെ ഈടാക്കിയ തുക ,(തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക ,/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2013-14 | ഖ.3-5 | വിശ്വനാഥൻ.എം.എൻ അസിസ്റ്റന്റ് എഞ്ചിനിയർ | KSA.10872/ Spl.Cell/ Csc/ C2/2017 Dt.14.10.2020 | ₹13,402/- | | | | | 0 | ₹13,402/- | തുക ഒടുക്കിയിട്ടില്ല |
| 2 | 2013-14 | ഖ.3-7 | വിശ്വനാഥൻ.എം.എൻ അസിസ്റ്റന്റ് എഞ്ചിനിയർ | KSA.10872/ Spl.Cell/ Csc/ C2/2017 Dt.14.10.2020 | ₹1,290/- | | | | | 0 | ₹1,290/- | തുക ഒടുക്കിയിട്ടില്ല |
| 3 | 2013-14 | ഖ.3-8 | കാർത്തിക്.ജെ അസിസ്റ്റന്റ് എഞ്ചിനിയർ | KSA.10872/ Spl.Cell/ Csc/ C2/2017 Dt.24.02.2020 | ₹11,149/- | | | | | 0 | ₹11,149/- | തുക ഒടുക്കിയിട്ടില്ല |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,34,75,787.05 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,64,77,095.05 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 41,174/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹4,51,528 |

(ബി). ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | ₹172040 | ഡോ.സെമിന്ഡ വർഗ്ഗീസ്, വെറ്ററിനറി സർജൻ |
| 1-14 | ₹1,99,988 | ഡോ.സീതലക്ഷ്മി,വെറ്ററിനറി സർജൻ |
| 1-27 | ₹79,500 | ശ്രീ.പ്രകാശ്.ബി.എം,ഹെഡ്മാസ്റ്റർ |
| ആകെ | ₹4,51,528 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 41,174 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇല്ല | ഇല്ല | ഇല്ല |

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1985-86 | LFC7/1999/90 Dt. 11-04-1991 | 14 |
| 1986-87 | LFC7/1233/91 Dt. 14-10-1991 | 4 |
| 1987-88 To 1989-90 | LFKSD1/307/2001 Dt.29-6-2001 | 16 |
| 1993-94 To 1995-96 | LFKSD6/432/2003 Dt.23-7-2004 | 3 |
| 1996-97 | LFKSD4/177/98 Dt. 07-05-1999 | 30 |
| 1997-98 | LFKSD5/ 353/99 Dt. 24-08-2000 | 26 |
| 1998-99 | LFKSD5/219/2000 Dt.30-09-2000 | 8 |
| 1999-2000 | LFKSD5/57/2001 Dt. 14-06-2002 | 10 |
| 2000-2001 | LFKSD5-5/106/2002 Dt. 02-09-2002 | 21 |
| 2001-2002 Plan | LFKSD6/802/2003 Dt. 11-03-2005 | 9 |
| 2001-02 Final | LFKSD6/565/2005 Dt. 01-06-2006 | 9 |
| 2002-03 | LFKSD6/4/640/09 Dt. 20-01-2010 | 5 |
| 2003-04 | LFKSD6/4/204/10 Dt. 18-12-2010 | 16 |
| | [illegible] | |

| | | |
|---|---|---|
| 2004-05 | LFKSD6/4/205/10 Dt. 09-12-2010 | 7 |
| 2005-06 | LFKSD7/135/11 Dt. 03-02-2012 | 6 |
| 2006-07 | LFKSD7/142/11 Dt. 14-02-2012 | 5 |
| 2007-08 | LFKSD7/138/11 Dt. 14-02-2012 | 4 |
| 2008-09 | LFKSD4/217/12 Dt. 13-02-2013 | 6 |
| 2009-10 | LFKSD4/272/12 Dt.14-02-2013 | 5 |
| 2010-11 | LFKSD4/467/13 Dt.29-10-2013 | 6 |
| 2011-12 | LFKSD4/468/13 Dt.6-12-2013 | 6 |
| 2012-13 | LFKSD7/430/14 Dt.30-12-2014 | 13 |
| 2013-14 | LFKSD7/826/2015 Dt.09-10-2015 | 9 |
| 2014-15 | KSA.KSD7/637/2016 Dt. 20.07.2016 | 7 |
| 2015-16 | KSA.KSD-7/73/2017 Dt. 31.01.2017 | 8 |
| 2016-17 | KSA.KSD-7/984/2017 Dt. 10.08.2017 | 17 |
| 2017-18 | KSA.KSD-7/105/2019 Dt.10.02.2019 | 19 |
| 2018-19 | KSA.KSD-7/1003/2019 Dt.12.11.2019 | 11 |
| 2019-20 | KSA.KSD-7/582/2021 Dt. 28.09.2021 | 25 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കാസർഗോഡ് ജില്ലയിലെ ബെള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ ബെള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| | Bellur Grama Panchayat RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 12325549.00 |
| Cash | Cash | RP-40(a) | 14100.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 329900.00 |
| 130000000 | Rental income from Panchayat Properties | RP-3 | 2250.00 |
| 140000000 | Fees & User Charges | RP-4 | 107210.00 |
| 150000000 | Sale & Hire Charges | RP-5 | 93173.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 32135897.00 |
| 171000000 | Interest Earned | RP-9 | 135900.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 3567325.00 |
| 350000000 | Other Liabilities | RP-36 | 529720.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 8705.00 |
| 330000000 | Secured Loans | RP-32 | 0.0 |
| 340000000 | Deposits Received | RP-34 | 111577.00 |
| 350000000 | Other Liabilities | RP-36 | 41543.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 783119.00 |
| 460000000 | Loans, Advances and Deposits | RP-47 | 129810.00 |
| | Grand total | | 50315778.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2161561.00 |
| 220000000 | Administrative Expenses | RP-12 | 757717.00 |
| 230000000 | Operations & Maintenance | RP-13 | 107419.00 |

| | | | |
|---|---|---|---|
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4448760.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 12778882.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 822065.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 964995.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 383000.00 |
| 255000000 | Maintenance Projects | RP-20 | 4947902.00 |
| 280000000 | Prior Period item | RP-26 | 115687.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 212654.00 |
| 350000000 | Other Liabilities | RP-36 | 4270040.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 266.00 |
| 280000000 | Prior Period Item | RP-26 | -22530.00 |
| 340000000 | Deposits Received | RP-34 | 50577.00 |
| 350000000 | Other Liabilities | RP-36 | 1007273.00 |
| 410000000 | Fixed Assets | RP-38 | 1876185.00 |
| 412000000 | Capital work in Progress | RP-40 | 3687717.00 |
| 430000000 | Stock-in-hand | RP-42 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-43 | 629516.00 |

| | | | |
|---|---|---|---|
| 440000000 | Pre-paid Expenses | RP-45 | 270000.00 |
| 460000000 | Loans, Advances and Deposits | RP-47 | 1507751.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 9338341.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 50315778.00 |

## 4

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Bellur Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 1073929.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 2250.00 |
| 140000000 | Fee & User Charges | I-4(b) | 119210.00 |
| 150000000 | Sale & Hire Charges | I-5(b) | 93173.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 77982628.00 |
| 171000000 | Interest Earned | I-8 | 135900.00 |
| 180000000 | Other Income | I-9 | 8705.00 |
| | Total Income | | 79415795.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 7347489.00 |
| 220000000 | Administrative Expenses | I-11(b) | 757717.00 |

| | | | |
|---|---|---|---|
| 230000000 | Operations & Maintenance | I-12(b) | 107419.00 |
| 240000000 | Interest & Finance Charges | I-13 | 266.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4448760.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 41014001.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 822065.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1273296.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 19519700.00 |
| 255000000 | Maintenance Projects | I-14(e) | 4947902.00 |
| | Total Expenditure | | 80238615.00 |
| | Gross Surplus/ Deficit of income over Expenditure | | -822820.00 |
| 280000000 | Prior Period Item | I-18 | 6519509.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -7342329.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

5

## ബാലൻസ് ഷീറ്റ്

| | | | |
|---|---|---|---|
| Bellur Grama Panchayat BALANCE SHEET | | | |
| As on 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -23247129.66 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 62443479.00 |
| | Total Reserve & Surplus | | 39196349.34 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 8650357.00 |
| | Total Grants, Contributions for Specific Purposes | | 8650357.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 8971282.00 |
| | Total Loans | | 8971282.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 67400.00 |
| 350000000 | Other Liabilities | B-9 | 1697083.00 |
| | Total Current Liabilities and Provisions | | 1764483.00 |
| | TOTAL LIABILITIES | | 58582471.34 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 60580537.00 |
| 411000000 | Accumulated Depreciation | B-11 | -22121546.66 |

| | | | |
|---|---|---|---|
| 412000000 | Capital Work in Progress | B-11(a) | 406400.00 |
| | Total Fixed Assets | | 38865390.34 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 664895.00 |
| 440000000 | Pre-paid Expenses | B-16 | 8971282.00 |
| 450000000 | Cash and Bank Balance | B-17 | 9338341.00 |
| 460000000 | Loans, Advances and Deposits | B-18 | 742563.00 |
| | Total Current Assets, Loans and Advances | | 19717081.00 |
| | | | |